2014-15-ലെ പദ്ധതികൾ

181 (526) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 മാർച്ച് 31-ന് അവസാനിക്കുമ്പോൾ 2014-15-ലെ ബഡ്ജറ്റിൽ അവതരിപ്പിച്ച പദ്ധതികളിൽ എത്രയെണ്ണം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) 2014-15-ലെ ബഡ്ജറ്റിൽ പുതുതായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ എത്രയായിരുന്നു ; അവയ്ക്ക് വകയിരുത്തപ്പെട്ട തുക എത്ര ;

(സി) പുതുതായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ 2015 മാർച്ച് 31-നകം പൂർണ്ണമായും നടപ്പിലാക്കിയവ എത്ര ; വകയിരുത്തപ്പെട്ട തുകയിൽ യഥാർത്ഥത്തിൽ ട്രഷറിയിൽ നിന്നും ചെലവായ തുക എത്ര എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 2014-15-ലെ ബഡ്ജറ്റിൽ അവതരിപ്പിച്ച 113-ഓളം പദ്ധതികൾ ഇതിനോടകം തന്നെ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വിവിധ വകുപ്പുകൾമുഖേന നടപ്പിലാക്കുന്നതിലേക്കായി 2014-15 ബഡ്ജറ്റിൽ 228-ഓളം പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയുടെ നടത്തിപ്പിനായി ഏകദേശം 236.16 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) വകുപ്പുതലവന്മാർ ലഭ്യമാക്കിയ വിവരമനുസരിച്ച് 30-ഓളം പുതിയ പദ്ധതികൾ ഇതിനോടകം തന്നെ പൂർണ്ണമായും നടപ്പിലാക്കി. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം പുതിയ പദ്ധതികളുടെ നടത്തിപ്പിനായി ഏകദേശം 110.88 കോടി രൂപ ചെലവായിട്ടുണ്ട്.

2014-15 വർഷത്തെ പ്ലാൻ ആന്റ് നോൺപ്ലാൻ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

182 (527) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 മാർച്ച് 31 അനുസരിച്ച് 2014-15 വർഷത്തെ പ്ലാൻ ആന്റ് നോൺ പ്ലാൻ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് നൽകുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

875/17

LIBRARY ARCHIVES Kerala Legislative Assembly